**കേരള സർക്കാർ**

**"ഭരണഭാഷ – മാതൃഭാഷ"**

നം : DFTVM/2128/2021-F3

ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
തീയതി:08-06-2025
ഇ-മെയിൽ :fisheriesdirector@gmail.com

**<u>സർക്കുലർ നമ്പർ 6/2025</u>**

വിഷയം :- ഫിഷറീസ്- സഹകരണം - മത്സ്യ സഹകരണ സംഘങ്ങൾ - വർഷാവസാന സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സഹകരണ സ്ഥാപനങ്ങളുടെ വർഷാവസാന കണക്കുകൾ 1969 ലെ കേരള സഹകരണ ചട്ടം 33 ൽ അനുശാസിക്കും പ്രകാരം യഥാസമയം രജിസ്ട്രാർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. എന്നാൽ പല സംഘങ്ങളും ചട്ട പ്രകാരമുള്ള സ്റ്റേറ്റ്മെന്റുകളും റിട്ടേണുകളും യഥാസമയം തയ്യാറാക്കി സമർപ്പിക്കാത്തതിനാൽ സഹകരണ ആഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുവാൻ സാധിക്കുന്നില്ല. കൂടാതെ ഒട്ടനവധി സംഘങ്ങളിൽ ആഡിറ്റ് കുടിശ്ശികയായി നിലനിൽക്കുന്നുവെന്നും കാണുന്നു. അതിനാൽ തന്നെ മാനദണ്ഡ പ്രകാരം പല ആനുകൂല്യങ്ങളും സംഘങ്ങൾക്ക് ലഭ്യമാകുന്നില്ല. വർഷാവസാന കണക്കുകൾ ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കേണ്ടതാണെന്ന് സഹകരണ ചട്ടം 33 ൽ വ്യവസ്ഥയുണ്ടായിരിക്കെ ആയത് ഫിഷറീസ് സഹകരണസംഘങ്ങളിലെ ചീഫ് എക്സിക്യൂട്ടീവുമാർ കൃത്യസമയത്ത് സമർപ്പിച്ചു കാണുന്നില്ല. ചട്ട പ്രകാരം ടി കണക്കുകളും സ്റ്റേറ്റ്മെന്റുകളും തയ്യാറാക്കി സമർപ്പിക്കുന്നുവെന്ന് ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർ ഉറപ്പു വരുത്തുന്നുമില്ല. ആയതിനാൽ ഓരോ യൂണിറ്റിലെയും യൂണിറ്റ് ഇൻസ്പെ്കടർമാർ തങ്ങളുടെ നിയന്ത്രണത്തിലുള്ള സഹകരണ സ്ഥാപനങ്ങൾ സഹകരണ ചട്ടം 33 ൽ അനുശാസിക്കും പ്രകാരമുള്ള വർഷാവസാന കണക്കുകൾ സമർപ്പിക്കുന്നു എന്നുറപ്പാക്കി ആയത് പ്രത്യേക ഫയലിൽ തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിൽ സൂക്ഷിക്കുന്ന ഓരോ യൂണിറ്റിലെയും സംഘങ്ങളെ സംബന്ധിക്കുന്ന പ്രധാന വിവരങ്ങൾ ഉൾക്കൊള്ളുന്ന ജനറൽ ഇൻഫർമേഷൻ രജിസ്റ്ററിൽ ഈ വിവരം കൂടി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. അപ്രകാരം ലഭിച്ച വിവരം ചുവടെ പരാമർശിക്കുന്ന മാതൃകയിൽ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

| ക്രമ നം. | സംഘത്തിന്റെ പേര്, മേൽവിലാസം | കണക്കുകൾ സമർപ്പിച്ച സാമ്പത്തിക വർഷം | സമർപ്പിച്ച തീയതി | ഒപ്പ് | റിമാർക്സ് |
|---|---|---|---|---|---|
| | | | | | |

അപ്രകാരം സൂക്ഷിച്ചിട്ടുണ്ടെന്നുള്ള സാക്ഷ്യപത്രം എല്ലാ വർഷവും ആഗസ്റ്റ് 31 നകം ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർമാർ ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും, ഫിഷറീസ് അസിസ്റ്റന്റ്

രജിസ്ട്രാർമാർ മേഖലാ രജിസ്ട്രാർമാർക്കും, മേഖലയിലെ വിവരങ്ങൾ ക്രോഡീകരിച്ച് ഫിഷറീസ് രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

Signed by
Remany K S
Date: 09-06-2025 10:16:32

SAFNA NAZARUDEEN IAS
DIRECTOR OF FISHERIES
ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർമാർ

പകർപ്പ് :-

1) ഫിഷറീസ് സഹകരണസംഘം മേഖല രജിസ്ട്രാർമാർ
2) ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർമാർ
3) ഫിഷറീസ് സഹകരണസംഘം ഇൻസ്പെക്ടർമാർ/ ഫിഷറി ഡെവലപ്മെന്റ് ഓഫീസർ ഗ്രേഡ് II
4) വെബ്സൈറ്റ്